**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 179

**28.10.2019 ൽ മറുപടിയ്ക്ക്**

## കരീലകുളങ്ങര പോലീസ് സ്റ്റേഷൻ കെട്ടിടം

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി. യു. പ്രതിഭ | പിണറായി വിജയൻ (മുഖ്യമന്ത്രി) |

(എ) ആലപ്പുഴ കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽ, കരീലകുളങ്ങര പോലീസ് സ്റ്റേഷനു വേണ്ടി വിട്ടു നൽകിയ സ്ഥലത്ത് പോലീസ് സ്റ്റേഷൻ നിർമ്മിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ആയതിന്റെ നിലവിലുള്ള പുരോഗതി വിശദമാക്കാമോ?

(എ) യും (ബി) യും ആലപ്പുഴ ജില്ലയിലെ കരീലകുളങ്ങര പോലീസ് സ്റ്റേഷന് പുതിയ കെട്ടിടത്തിനായി കാർത്തികപ്പള്ളി താലൂക്കിലെ പത്തിയൂർ വില്ലേജിൽ ബ്ളോക്ക് നം.21-ൽ റീ-സർവ്വേ നം.460/6,461/15, 461/16, 461/17, 462/3 ൽ ഉൾപ്പെട്ട 10.10 ആർ ഭൂമി പോലീസ് വകുപ്പിന് ലഭ്യമാക്കിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ടി പോലീസ് സ്റ്റേഷൻ കെട്ടിടം 153.46 ലക്ഷം രൂപ ചെലവിൽ നിർമ്മിക്കുന്നതിനാവശ്യമായ തുക അനുവദിയ്ക്കുവാനുമുള്ള പോലീസ് മേധാവിയുടെ പ്രൊപ്പോസൽ പരിശോധിക്കുകയുണ്ടായി. ഈ വർഷം അധിക ഫണ്ട് വകയിരുത്താൻ തൽക്കാലം നിർവ്വാഹമില്ലാത്ത സാഹചര്യമാണ് ഉള്ളത്.

സെക്ഷൻ ഓഫീസർ